അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർ	- 1
റേഷനിംഗ് ഇൻസ്പെക്ടർ	- 2
എൽ.ഡി.സി./യു.ഡി.സി.	- 5
ടൈപ്പിസ്റ്റ്	- 1
ഡ്രൈവർ	- 1
ആകെ	11

(ബി) നിലവിലുള്ള സ്റ്റാഫിന്റെ എണ്ണം - 7

അതിൽ നിലവിലുള്ള ഒഴിവുകൾ :

എൽ.ഡി.ഡി./യു.ഡി.സി. - 2 (15-7-2008 മുതൽ)

ടൈപ്പിസ്റ്റ് - 1 (1-6-2007 മുതൽ)

ഡ്രൈവർ - 1 (1-7-2008 മുതൽ)

(സി) പത്തനംതിട്ട ജില്ലയിലെ എൽ.ഡി.സി. ഒഴിവുകൾ നികത്തുന്നതിനായി 2010 ജൂൺ, ജൂലായ് മാസത്തിൽ രണ്ട് പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. നിലവിൽ ഒഴിവുള്ള മറ്റ് തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

റേഷൻ കാർഡ് വിതരണത്തിന് കാലതാമസം

87 (4438) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്ക് സപ്ലൈ ഓഫീസുകൾ, സിറ്റി റേഷനിംഗ് ഓഫീസുകൾ എന്നിവിടങ്ങളിൽ മതിയായ ജീവനക്കാരില്ലാത്തതിനാൽ റേഷൻ കാർഡ് വിതരണ പ്രവർത്തനങ്ങളിൽ തടസ്സം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) നടപടിക്രമങ്ങൾ ലഘൂകരിക്കാത്തതുകൊണ്ടും, സപ്ലൈ ഓഫീസുകളിൽ എത്തുന്ന സാധാരണക്കാർക്ക് നടപടിക്രമങ്ങൾ സംബന്ധിച്ച് വേണ്ടത്ര അറിവ് നൽകാനുള്ള ഏർപ്പാടുകൾ ഇല്ലാത്തതുകൊണ്ടും, വ്യക്തമായ നിർദ്ദേശങ്ങൾ എഴുതി പ്രദർശിപ്പിക്കാത്തതുകൊണ്ടും, പൊതുജനങ്ങൾ ഏറെ ദുരിതമനുഭവിക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിലുള്ള ജീവനക്കാർ അധിക സമയം ജോലിചെയ്ത് കാർഡ് വിതരണം നടത്തിവരുന്നുണ്ട്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും കൂടുതൽ ഏർപ്പെടുത്തിയും കാർഡ് വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി & സി) എല്ലാ താലൂക്ക്/സിറ്റി റേഷനിംഗ് ഓഫീസുകളിലും പൊതുജനങ്ങൾ കാണത്തക്കവിധത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയ നോട്ടീസ് ബോർഡ് എഴുതി പ്രദർശിപ്പിച്ചിട്ടുണ്ട്. ടി നോട്ടീസ് ബോർഡിൽ റേഷൻ കാർഡിനായി അപേക്ഷ സമർപ്പിക്കുമ്പോൾ കൊണ്ടുവരേണ്ട സർട്ടിഫിക്കറ്റുകളുടേയും മറ്റും വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ആവശ്യമുള്ള സന്ദർഭങ്ങളിൽ മാധ്യമങ്ങളിലൂടെ റേഷൻ കാർഡ് വിതരണം സംബന്ധിച്ച വിശദീകരണങ്ങൾ നൽകുന്നുണ്ട്.

നെൽകർഷകരുമായി യോജിച്ച് കന്നുകാലി വളർത്തൽ

88 (4439) പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെൽകൃഷി മേഖലകളിൽ കർഷകരുമായി യോജിച്ച് കന്നുകാലി വളർത്തലിന് പദ്ധതികളുണ്ടോ ;

(ബി) എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഉണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം കൃഷിവകുപ്പ് നടപ്പിലാക്കിയ ഭക്ഷ്യസുരക്ഷ പദ്ധതി മുഖേന, നെൽകൃഷി നടത്തുന്ന കർഷകർക്ക് കൂടുതൽ ഫലപ്രദമായ രീതിയിൽ കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിനും കൃഷി, മൃഗസംരക്ഷണ മേഖലകളെ തമ്മിൽ കൂട്ടിയിണക്കി കൂടുതൽ നേട്ടം കൈവരിക്കുന്നതിനുമായി ഒരു പശുവും അഞ്ച് കോഴിക്കുഞ്ഞുങ്ങൾ വീതവും നൽകുകയുണ്ടായി. ഈ പദ്ധതിപ്രകാരം ഒരു കർഷകന് 14000 രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ആയിരം യൂണിറ്റ് പാലക്കാട്, തൃശ്ശൂർ, പത്തനംതിട്ട എന്നീ ജില്ലകളിൽ കഴിഞ്ഞ സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിക്കായി 140 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മേൽപ്പറഞ്ഞതരം പദ്ധതിക്കായി 250 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഇതിൻപ്രകാരം പദ്ധതി ആവിഷ്കരിച്ച് ഭരണാനുമതിക്കായി സംസ്ഥാന കൃഷി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ ഡോ. എം. എസ്. സ്വാമിനാഥൻ കമ്മിഷൻ ശുപാർശ പ്രകാരം മൃഗ സംരക്ഷണ മേഖലയും കൃഷി മേഖലയും സംയോജിപ്പിച്ച് കുട്ടനാട് ഇടുക്കി മേഖലയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly